നം. ഇ.എച്ച്.1-46690/2016/ആ.വ.ഡ. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 11/04/2017

## സർക്കുലർ

വിഷയം ആ.വ.ഡ. -പൊതു സ്ഥലംമാറ്റം -2017 ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപനമേധാവികൾക്കും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച് -

സൂചന സർക്കാർ ഉത്തരവ് (സാധാ.) നം. 969/2017/ആ.കു.വ.,തിരുവ., തീയതി 03/04/2017.

ആരോഗ്യവകുപ്പിലെ 2017 ലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, സ്ഥാപക മേധാവികൾക്കും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓൺലൈൻ മുഖാന്തിരം ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലംമാറ്റം നടത്തുന്നതിന് www.spark.gov.in/webspark എന്ന സൈറ്റിൽ പോയി General Transfer for Health Department എന്ന ഓപ്ഷൻ തുറക്കുക.
2. അപേക്ഷകന്റെ PEN നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷാഫോറം ലഭ്യമാകുന്നതാണ്.
3. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി/സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി declaration അംഗീകരിക്കുക.
4. അതിനുശേഷം അതിനു താഴെയുള്ള OTP (One Time Password) ൽ verify ബട്ടൺ click ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരുവിധ തിരുത്തലും സാദ്ധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വം അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.
5. അതിനു ശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ അഫീസിൽ സമർപ്പിക്കുക.
6. ഈ സൗകര്യം ജീവനക്കാർക്ക് 25/04/2017 ന് വൈകിട്ട് 5 മണിവരെ മാത്രമേ ലഭ്യമാകുകയുള്ളൂ.



66034

7. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് ശരിയാണ് എന്ന് ഉറപ്പുവരുത്തി ജില്ലാ മെഡിക്കൽ ആഫീസർക്ക് 29/04/2017 ന് 5 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ജില്ലാ മേലധികാരിക്ക് ലഭിക്കുന്ന അന്തർ ജില്ലാ സ്ഥലംമാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി 05/05/2017 വൈകുന്നേരം 5 മണി ആണ്. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. എല്ലാ ജീവനക്കാരും ആഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ ഈ വിധം സ്പാർക്ക് മുഖാന്തിരം ആണ് സമർപ്പിക്കേണ്ടത്.
8. ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വയ്ക്കുക, വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.
9. ജീവനക്കാരുടെ സ്പാർക്ക് അക്കൗണ്ട് ലോക്ക് ചെയ്തിട്ടുള്ള സ്ഥാപനമേലധികാരികൾ അത് unlock ചെയ്യേണ്ടതാണ്. അതിലേക്കായി ഫോറം നമ്പർ 5 അയച്ചിട്ടില്ലാത്ത ആഫീസുകൾ ഫോറം നമ്പർ 5 പൂരിപ്പിച്ച് ഒപ്പിട്ട് സീൽ ചെയ്ത് സ്കാൻ ചെയ്ത് sparkdhs@gmail.com എന്ന mail ID യിലേക്ക് E/mail ചെയ്യേണ്ടതാണ്.
10. സ്പാർക്കിൽ ജീവനക്കാരുടെ service history യിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപന മേധാവിയുടെ ഉത്തരവാദിത്വമാണ്. സർവ്വീസ് ബുക്കിലെ കോൺടാക്ട് വിവരത്തിൽ ചേർത്തിരിക്കുന്ന വിലാസത്തിൽ നൽകിയിരിക്കുന്ന ജില്ലയാണ് നേറ്റീവ് ജില്ലയായി പരിഗണിക്കുന്നത്.
11. സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേക്കായി എല്ലാ ആഫീസിലേയും ആഫീസ് login ൽ Service matter ൽ Online Transfer request – DHS -Online application –proceeding at office സെലക്ട് ചെയ്ത് ക്രമ നമ്പർ 22 മുതലുള്ള കാര്യങ്ങൾ സെലക്ട് ചെയ്ത്



66034 6

GOVERNMENT OF KERALA

ജില്ലാ മെഡിക്കൽ ആഫീസർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. Comment നൽകാനുള്ള കോളത്തിൽ മേൽ പറഞ്ഞ അപേക്ഷയിൽ സർവ്വീസ് ബുക്കുമായി ഒത്തു നോക്കിയപ്പോൾ കാണുന്ന വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ നൽകാവുന്നതും കൺട്രോളിംഗ് ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്.

12. ജില്ലാ മെഡിക്കൽ ആഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ആഫീസറും പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് ബന്ധപ്പെടേണ്ട വ്യക്തികളും ഫോൺ നമ്പരും ചുവടെ ചേർക്കുന്നു.

1) ഡോ. കൃഷ്ണകുമാർ, ഡെപ്യൂട്ടി ഡയറക്ടർ (ഓഫ്താൽമോളജി) - 9446854433
2) ശ്രീ. എ. സജികുമാർ, സീനിയർ ക്ലാർക്ക് - 9446018041
3) ശ്രീ. വിഷ്ണു എൻ. ചന്ദ്രൻ, സീനിയർ ക്ലാർക്ക് - 9400484841

ഒപ്പ്/-

**ആരോഗ്യവകുപ്പ് ഡയറക്ടർ**

പകർപ്പ്

1. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-11/04/2017



2
066033

**GOVERNMENT OF KERALA**